**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 790** | **09-08-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീ ശാക്തീകരണവും ലിംഗസമത്വവും ഉറപ്പ വരുത്തുന്ന നിലയിൽ സഹകരണ മേഖലയെ വാർത്തെടുക്കാൻ നടത്തിയ നിയമപരമായ നടപടികൾ എത്രത്തോളം ഫലപ്രദമായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കേരള സഹകരണ സംഘം നിയമം വകുപ്പ് 28എ(1) പ്രകാരം എല്ലാ സഹകരണ സംഘം ഭരണ സമിതികളിലും 3 വനിത അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ, സഹകരണ ബാങ്കിംഗ് ഉൾപ്പെടെ എല്ലാ സഹകരണ സംഘങ്ങളുടെ ഭരണ സമിതികളിലും സ്ത്രീ പങ്കാളിത്തം വർദ്ധിച്ചിട്ടുണ്ട്.<br><br>സഹകരണ മേഖലയിലേക്ക് കൂടുതൽ യുവ വനിതകൾ കടന്നു വരുന്നതിനായി സർക്കാരിന്റെ മൂന്നാം നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് മൂന്ന് യുവ വനിത സഹകരണ സംഘങ്ങൾ കോട്ടയം, തൃശൂർ, കണ്ണൂർ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>ലിംഗ സമത്വം ഉറപ്പ വരുത്തുന്ന നിലയിൽ സഹകരണ മേഖലയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി ട്രാൻസ്ജെന്റേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4498 എന്ന പേരിൽ 02.11.2019 ൽ സംസ്ഥാന തലത്തിൽ പ്രവർത്തന പരിധിയായി പലവക വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ഫെഡറൽ സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | യുവജനങ്ങൾ, തദ്ദേശീയരായ ഗോത്ര വിഭാഗങ്ങൾ തുടങ്ങി പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ മേഖലയെ പ്രാപ്തമാക്കാൻ എത്രത്തോളം സാധ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, പട്ടിക വർഗ്ഗ സഹകരണസംഘങ്ങൾ എന്നിവ മുഖേന നടത്തുന്ന വനവിഭവ ശേഖരണ പ്രവർത്തനങ്ങളിലൂടെ പ്രസ്തുത സഹകരണ സംഘങ്ങളിലെ അംഗങ്ങളായ ഗോത്ര വിഭാഗക്കാർക്ക് തൊഴിലും, അതുവഴി വരുമാനവും ഉറപ്പ വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഫെഡറേഷന്റെ കീഴിൽ വനവിഭവ മൂല്യവർദ്ധിത |

| | | | |
|---|---|---|---|
| | | | ഉല്പന്നങ്ങൾക്കായി ഒരു പ്രത്യേക ഡിവിഷൻ ആരംഭിച്ച് അതു മുഖേന ഗോത്രവർഗ്ഗക്കാർക്ക് പരിശീലനം നൽകി, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ചും , അവയ്ക്ക് വിപണി കണ്ടെത്തിയും അതുവഴി തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനവും ടി ഫെഡറേഷൻ ആരംഭിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ വ്യാപാര പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി സംഘാംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി പുനർജ്ജനി പദ്ധതിയിൽ 2022-23, 2023-24(ഇതുവരെ) വർഷങ്ങളിൽ 6 പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കായി 166.28 ലക്ഷം രൂപയുടെ ധനസഹായം സർക്കാർ നല്കിയിട്ടുണ്ട്.<br><br>അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവ സംരംഭകരെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധജില്ലകളിൽ വിവിധ സേവനമേഖലകളിലായി 31 യുവജന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമേ ഒരു ജില്ലയിൽ ഒന്നു വീതം 14 പട്ടികജാതി / പട്ടികവർഗ്ഗ യുവ സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യുവാക്കളെ/യുവ സംരംഭകരെ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, അവരുടെ തൊഴിലും വരുമാനവും ഉറപ്പാക്കുക, കേരളത്തിൽ ആഴത്തിൽ വേരുകളുള്ള സഹകരണ മേഖലയിൽ യുവജനങ്ങളെയും ഉൾപ്പെടുത്തുക, മാന്യമായ തൊഴിൽ, സ്ഥിര വരുമാനം, യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുക, അതിലൂടെ യുവാക്കളുടെ സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനം ഉറപ്പാക്കുക തുടങ്ങിയവയാണ് യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. ഇപ്രകാരം യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിലൂടെ യുവതീ/യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ മേഖലയെ പ്രാപ്തമാക്കാൻ സാധ്യമായിട്ടുണ്ട്. |
| (സി) | കഴിഞ്ഞ ആറ് വർഷക്കാലയളവിൽ സഹകരണ മേഖലയിൽ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പുതിയ മേഖലകളിലേയ്ക്ക് | (സി) | സർക്കാരിന്റെ ഒന്നാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 20578-ഉം, രണ്ടാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 35701-ഉം (ആകെ 56279 ) |

| | | | |
|---|---|---|---|
| | മൂലധന നിക്ഷേപം നടത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് രൂപപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | | , തൊഴിൽ അവസരങ്ങൾ സഹകരണ മേഖലയിൽ സൃഷ്ടിച്ചിട്ടുണ്ട്.<br><br>വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി സഹകരണ സംഘങ്ങൾ ഡയാലിസിസ് യൂണിറ്റ് , ആംബുലൻസ് സർവീസ്, ലബോറട്ടറികൾ ,എക്സ്-റേ യൂണിറ്റ്, സൂപ്പർമാർക്കറ്റുകൾ, ഫിഷ് മാർട്ടുകൾ, ഹോട്ടലുകൾ, ജനസേവനകേന്ദ്രങ്ങൾ, നീതി മെഡിക്കൽ ലാബുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, പേപ്പർ കാരിബാഗ് യൂണിറ്റുകൾ, ഓഫ് സെറ്റ് പ്രസ്സുകൾ, ചൂരൽ ഫർണിച്ചർ യൂണിറ്റുകൾ, ഗ്രാമീൺ മാർക്കറ്റ്, കോ-ഓപ് മാർട്ട് മുതലായ നിരവധി സംരംഭങ്ങൾ ആരംഭിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന സഹകരണ സംഘങ്ങൾക്ക് പലവകസഹകരണ സംഘങ്ങൾക്കുള്ള ധനസഹായ ഇനത്തിൽ സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 1840.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം 24 യുവജനസഹകരണ സംഘങ്ങൾക്ക് ഒരു സംഘത്തിന് 10.00 ലക്ഷം രൂപ വീതം അവരുടെ സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ആകെ 240.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്കും വനിതാ സഹകരണ സംഘങ്ങൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രോജക്ടുകൾ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി യഥാക്രമം 800.00 ലക്ഷം രൂപ, 250.00 ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതമായി 2023-24 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ